ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 15.02.2025

## പ്രധാനവാർത്തകൾ

1. **അടിസ്ഥാന സൗകര്യ വികസനം കേരളത്തിനെ നിക്ഷേപ സൗഹൃദമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

2. **സംസ്ഥാനത്തെ വിദ്യാർഥികളെ ആഗോള വെല്ലുവിളികൾ നേരിടാൻ സജ്ജരാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് മന്ത്രി ആർ ബിന്ദു.**

3. **കോട്ടയം നഴ്സിംഗ് കോളേജ് ഹോസ്റ്റലിൽ നടന്ന റാഗിങ്ങിൽ പ്രതികളായ അഞ്ച് വിദ്യാർത്ഥികളുടെ പഠനം വിലക്കാൻ നഴ്സിങ് കൗൺസിൽ തീരുമാനം.**

4. **സംസ്ഥാനത്ത് ചിലയിടങ്ങളിൽ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പാലക്കാട് ജില്ലയിൽ ജാഗ്രതനിർദ്ദേശം.**

5. **ഐ എസ് എൽ ഫുടബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - മോഹൻ ബഗാൻ സൂപ്പർ ജയൻറ്സ് പോരാട്ടം.**

**************************************

## മുഖ്യമന്ത്രി - മലയോര ഹൈവേ - ഇൻട്രോ

അടിസ്ഥാനസൗകര്യ വികസനം കേരളത്തിനെ നിക്ഷേപ സൗഹൃദമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മലയോര ഹൈവേയുടെ കോഴിക്കോട് ജില്ലയിലെ ആദ്യ റീച്ച് കോടഞ്ചേരി - കക്കാടംപൊയിൽ റോഡിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാനം നിക്ഷേപത്തിൽ മുൻനിരയിലെത്തിയത് റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർധിച്ചതോടെയാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

(ഹോൾഡ്- വോയ്സ്)

************************************

BIJU TVPM

## വഖഫ് ബോർഡ് - മുഖ്യമന്ത്രി

വഖഫിൻറെ പേരിൽ സംസ്ഥാനത്ത് ആരേയും കുടിയിറക്കില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വഖഫ് ബോർഡിൻറെ കോഴിക്കോട് മേഖല ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷങ്ങളുടെ സാമൂഹ്യ ഉന്നമനമാണ് കേരളത്തിൻറെ ലക്ഷ്യമെന്നും ന്യുനപക്ഷങ്ങളുടെ ഭരണഘടനപരമായ് ലഭിച്ച അവകാശങ്ങൾ സംരക്ഷിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ചടങ്ങിൽ മന്ത്രിമാരായ വി അബ്ദുറഹ്മാൻ, പി എ മുഹമ്മദ് റിയാസ് എന്നിവർ പങ്കെടുത്തു.

************************************

## ആർ ബിന്ദു - പുരസ്കാരം

സംസ്ഥാനത്തെ വിദ്യാർഥികളെ ആഗോള വെല്ലുവിളികൾ നേരിടാൻ സജ്ജരാക്കുകയാണ് സർക്കാരിൻറെ

ലക്ഷ്യമെന്ന് മന്ത്രി ആർ ബിന്ദു. ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള തലത്തിലേക്ക് എത്തിക്കുന്നതിന് തന്ത്രപരമായ ഇടപെടലുകളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്നും മന്ത്രി പറഞ്ഞു. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൻറെ പുരസ്കാരങ്ങൾ കൊച്ചിയിൽ വിതരണം ചെയ്യുകയായിരുന്നു മന്ത്രി. ദേശീയ, രാജ്യാന്തര റാങ്കിംഗിൽ സംസ്ഥാനത്ത് നിന്നുള്ള സ്ഥാപനങ്ങൾ സ്ഥിരമായി ഇടം പിടിക്കുന്നുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

************************************

## വി.ശിവൻകുട്ടി - കാസർഗോഡ്

പൊതുവിദ്യാലയങ്ങൾ നാടിൻറെ സമ്പത്താണെന്നും അവ സംരക്ഷിക്കേണ്ടത് സമൂഹത്തിൻറെത് എന്ന പോലെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ചുമതലയാണെന്ന് മന്ത്രി വി. ശിവൻകുട്ടി. കാസർഗോഡ് എ.കെ.എസ്.ടി.യു 28-ാം വിദ്യാഭ്യാസ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട 120 ഓളം അധ്യാപകരുടെ പട്ടിക കിട്ടിയിട്ടുണ്ടെന്നും ഇവർക്കെതിരെ ശക്തമായ നടപടിയെടുക്കുമെന്നും മന്ത്രി അറിയിച്ചു.

RNU TVPM

************************************

## റാഗിങ് - കോട്ടയം

കോട്ടയം നഴ്സിംഗ് കോളേജ് ഹോസ്റ്റലിൽ നടന്ന റാഗിങ്ങിൽ പ്രതികളായ അഞ്ച് വിദ്യാർത്ഥികളുടെ പഠനം വിലക്കും. നഴ്സിങ് കൗൺസിലിന്റേതാണ് തീരുമാനം. കോട്ടയം സ്വദേശികളായ സാമുവൽ ജോൺസൺ, വിവേക്, മലപ്പുറം സ്വദേശികളായ രാഹുൽ രാജ്, റിജിൽ ജിത്ത്, വയനാട് സ്വദേശി ജീവ, എന്നിവരുടെ പഠനത്തിനാണ് വിലക്കേർപ്പെടുത്താൻ തീരുമാനമായത്. നഴ്സിങ്

കൗൺസിലിന്റെ തീരുമാനം കോളജിനെ അറിയിക്കും. പ്രതികളായവരെ നേരത്തെ സസ്പെൻഡ് ചെയ്തിരുന്നു.

************************************

## ആർ ബിന്ദു - റാഗിംഗ്

സംസ്ഥാനത്തെ ക്യാമ്പസുകളിലെ റാഗിംഗ് വിഷയത്തിൽ പ്രതികരിച്ച് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. ഭീതിയുടെ അന്തരീക്ഷം ഉണ്ടാകുമ്പോൾ കുട്ടികൾ ഭയപ്പെടുന്നതാണ് റാഗിങ്ങിന് കാരണമെന്നും ആൻറി റാഗിംഗ് സെല്ലുകൾ കൃത്യമായി പ്രവർത്തിക്കാത്തതല്ലെന്നും മന്ത്രി പറഞ്ഞു. കുട്ടികൾക്ക് ഉള്ളിലെ സംഘർഷങ്ങൾ തുറന്നു പറയാൻ ഉള്ള സാവകാശം ഇല്ലാത്തതാണ് മറ്റൊരു കാരണം എന്നും മന്ത്രി വ്യക്തമാക്കി.

************************************

## ആസാദ് സേന- ആർ ബിന്ദു - ഇൻട്രോ

നാഷണൽ സർവ്വീസ് സ്കീമിൻറെ നേതൃത്വത്തിൽ ലഹരിനിർമാർജനത്തിനായി രൂപീകരിച്ച "ആസാദ് സേന: ക്യാമ്പസ് കമ്മ്യൂണിറ്റി തീവ്ര കർമ്മപദ്ധതിയുടെ" സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ആർ ബിന്ദു കൊച്ചിയിൽ നിർവഹിച്ചു. ആസാദ് സേനക്ക് പരിശീലനം കൊടുത്തുകൊണ്ട് ലഹരിമുക്ത കേരളമാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

(വോയിസ്)

************************************

RNUTVPM

## കെ രാജൻ - തൃശൂർ

വയനാട് വിഷയത്തിൽ കേരളം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത് ഭരണഘടനാപരമായ അവകാശമാണെന്നും എന്നാൽ കേന്ദ്രം അനുവദിച്ചത് ഉപാധികളോടെയുള്ള വായ്പ മാത്രമാണെന്നും മന്ത്രി കെ രാജൻ പറഞ്ഞു. 45 ദിവസത്തിനകം ചിലവഴിക്കണം എന്ന വ്യവസ്ഥയോടെയാണ് വായ്പ കൈമാറുന്നത്. അനുവദിച്ച വായ്പ ഉപയോഗിക്കുമെന്നും നടപ്പിലാക്കേണ്ട പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമെന്നും മന്ത്രി തൃശ്ശൂരിൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് പ്രൻസിപ്പൽ സെക്രട്ടറിമാരുടെ യോഗം ചേരുമെന്നും മന്ത്രി അറിയിച്ചു.

************************************

RNU TVPM

## ആകാശവാണി - നേർവഴി ആപ്പ്

ആകാശവാണി തിരുവനന്തപുരം നിലയം പ്രക്ഷേപണം ചെയ്യുന്ന നേർവഴി പരിപാടിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് കാഴ്ച പരിമിതിയുള്ളവർക്ക് സഞ്ചാരം സുഗമമാക്കാൻ നേർവഴി എന്ന ആപ്പ് പുറത്തിറക്കി. നരുവാമൂട് ചിന്മയ വിദ്യാലയത്തിലെ ഒരു കൂട്ടം വിദ്യാർത്ഥികൾ ടെക്കോസ എന്ന കമ്പനിയുടെ സഹകരണത്തോടെയാണ് ആപ്പ് സജ്ജമാക്കിയത്.

************************************

## ആശാ വർക്കർ - സമരം

സംസ്ഥാന സർക്കാരുമായി നടത്തിയ ചർച്ച സമവായത്തിൽ എത്താത്തതിനാൽ സമരം തുടരുമെന്നു ആശാ വർക്കർമാർ. സമരം ഒത്തുതീർപ്പാക്കുന്നതിന് മന്ത്രി വീണാ ജോർജുമായി ആശാ വർക്കർമാരുടെ പ്രതിനിധികൾ

ഇന്ന് തിരുവനന്തപുരത്ത് ചർച്ച നടത്തിയിരുന്നു. സുപ്രധാന വിഷയങ്ങളിലൊന്നും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉറപ്പ് ലഭിച്ചില്ലെന്ന് പ്രതിനിധികൾ പറഞ്ഞു. കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിന് മുന്നിൽ ദിവസങ്ങളായി രാപ്പകൽ സമരം നടത്തുകയാണ് ആശാ വർക്കർമാർ.

************************************

താപനില

സംസ്ഥാനത്ത് ചിലയിടങ്ങളിൽ സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സൂര്യാഘാത സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

************************************

RNU TVPM

**പാലക്കാട് - ഇൻട്രോ**

പാലക്കാട് ജില്ലയിൽ ചൂട് ക്രമാതീതമായി കൂടുന്ന സാഹചര്യത്തിൽ ജാഗ്രത വേണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

************************************

## ഇടുക്കി - ഇൻട്രോ

പകൽ ചൂട് കനക്കുകയും ആഭ്യന്തര വൈദ്യുത ഉൽപാദനം വർധിപ്പിക്കുകയും ചെയ്തതോടെ ഇടുക്കിയിൽ ഡാമുകളിലെ ജലനിരപ്പ് താഴ്ന്ന് തുടങ്ങി.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയ്സ്)

**************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുടബോളിൽ ചെന്നൈയിൻ എഫ് സി - പഞ്ചാബ് എഫ് സി മത്സരം പുരോഗമിക്കുന്നു. നിലവിൽ ഇരു ടീമുകളും ഓരോ ഗോൾ വീതം നേടിയിട്ടുണ്ട്. ഇന്ന് രാത്രി 7.30 ന് നടക്കുന്ന മറ്റൊരു മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് -മോഹൻ ബഗാൻ സൂപ്പർ ജയൻറ്സിനെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. ഐഎസ്എൽ മൽസരത്തോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. രാത്രി 11 മണിവരെ കലൂർ സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും സർവ്വീസ് ഉണ്ടായിരിക്കും.

PNU TVPM

**************************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7.30ന് വഡോദരയിലാണ് മത്സരം.

**************************************

## രാമചന്ദ്രൻ കടന്നപ്പള്ളി - രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രാർ ഓഫീസുകളെ ക്യാഷ് ലെസ് ഓഫീസുകളാക്കി മാറ്റുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. രജിസ്ട്രേഷൻ വകുപ്പ് ജീവനക്കാരുടെ കാസർഗോഡ് ജില്ലാതല അവലോകന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ പണമിടപാടുകളും ഇ-പേമെന്റ് സംവിധാനത്തിലേക്ക് മാറ്റുകയും സബ് രജിസ്ട്രാർ ഓഫീസുകളിൽ സൗഹൃദ സമിതികൾ രൂപീകരിക്കുകയും ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

*************************************

## രാമചന്ദ്രൻ കടന്നപ്പള്ളി - കാസർഗോഡ് - മൺപാത്രം

കേരള മൺപാത്ര നിർമ്മാണ സമുദായ സഭ സംസ്ഥാന സമ്മേളനം നാളെ രാവിലെ കാസർഗോഡ് എരിക്കുളം ദേവസ്വം മൈതാനത്ത് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തിൽ വീണ്ടും ശുപാർശ ചെയ്യുക, തൊഴിലുകളിലും, കോഴ്സുകളിലും സംവരണം നൽകുക, മൺപാത്ര നിർമ്മാണ തൊഴിൽ സംരക്ഷിക്കാൻ കോർപ്പറേഷൻ പ്രവർത്തനം സജ്ജമാക്കുക തുടങ്ങിയ ആവശ്യങ്ങൾ സമ്മേളനം ഉന്നയിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

RNU TVPM

*************************************

## എസ്.ഐ മരിച്ചു

ഏറ്റുമാനൂർ സ്റ്റേഷൻ ഗ്രേഡ് എസ്.ഐ സിനിൽ കുമാർ കുഴഞ്ഞുവീണു മരിച്ചു. നെഞ്ചുവേദനയെ തുടർന്ന് ആണ് രാവിലെ കുഴഞ്ഞു വീഴുകയായിരുന്നു. വൈക്കം

താലൂക്കാശുപത്രിയിൽ എത്തി എങ്കിലും ജീവൻ രക്ഷിക്കാനായില്ല.

***********************************

## പുലിയുടെ ജഡം - കാഞ്ഞിരപ്പള്ളി

കാഞ്ഞിരപ്പള്ളി ഇളങ്കാടിൽ പുലിയുടെ ജഡം കണ്ടെത്തിയ സംഭവത്തിൽ കൂടുതൽ അന്വേഷണം നടത്തും. പുലിയുടെ ജഡം പോസ്റ്റ്മോർട്ടം ചെയ്തു. കഴുത്തിലെ ആഴത്തിലുള്ള മുറിവാണ് മരണകാരണം. കഴുത്തിലെ മുറിവിൽ ഇരുമ്പ് കമ്പി കണ്ടെത്തിയിട്ടുണ്ട്. പന്നിയെ പിടികൂടാൻ വേണ്ടി തയാറാക്കിയ കെണിയിൽ പുലി കുടുങ്ങിയതാകാമെന്നും സൂചനയുണ്ട്.

RNU TVPM

***********************************

## ഒ ആർ കേളു - കണ്ണൂർ

പിന്നാക്ക വിഭാഗക്കാരുടെ വിദ്യാഭ്യാസ ഉന്നതി ഉറപ്പാക്കുമെന്നും ഇതിനായി നിരവധി പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നതെന്നും മന്ത്രി ഒ ആർ കേളു. കണ്ണൂർ കോളയാട് ഗ്രാമപഞ്ചായത്തിലെ പെരുവ ചെമ്പുക്കാവ് പ്രീമെട്രിക് ഹോസ്റ്റൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ആദിവാസി വിഭാഗത്തിലെ 1800 വിദ്യാർഥികളെ വിദേശ രാജ്യങ്ങളിൽ അയച്ച് സംസ്ഥാന സർക്കാർ പഠിപ്പിക്കുകയാണ്.

**********************************************

***********************************

*********************